ഉത്തരം

കുന്തിപ്പുഴയ്ക്ക് കുറുകെ ഇട്ടക്കടവ് കോസ്വേ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. വിളയൂർ-കൈപ്പുറം റോഡിൽ മുർക്കനാട് ഇടപ്പാലത്തു പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

മരാമത്ത് വകുപ്പ് ഏറ്റെടുത്ത ആലത്തൂർ നിയോജക മണ്ഡലത്തിലെ റോഡുകൾ

64 [2954] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ പൊതുമരാമത്ത് വകുപ്പ് പുതുതായി റോഡുകൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ വീതികൂട്ടലും ടാറിങ്ങും ആവശ്യമായി വരുന്ന റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ആലത്തൂർ-മരുതംതടം റോഡ് കി. മീ. 0/0-6/00 വരെ ജില്ലാതല റോഡിന്റെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

വില്ലേജ് റോഡുകൾ

65 [2955] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജ് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന്വ്യക്തമാക്കാമോ;

(ഡി) കരുവന്നൂർ-ആറാട്ടുപുഴ ബണ്ട് റോഡ് ടൂറിസം വകുപ്പിന്റെ സഹായത്തോടെ പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആനക്കല്ല്-പെരിങ്ങോട്ടുകര, തേവർ റോഡ് എന്നിവയുടെ ഇപ്പോൾ നടന്നു വരുന്ന പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചേർപ്പ് ചിറ്റൂർമന റോഡ്, വാളമുക്ക് പോസ്റ്റ് ഓഫീസ് റോഡ് എന്നിവ ഏറ്റെടുത്തിട്ടുണ്ട്.

(ബി) നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(സി) താഴെപ്പറയുന്ന റോഡുകളുടെ പുനരുദ്ധാരണ പണികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

1. പല്ലിശ്ശേരി ചർച്ച് റോഡ്.
2. പതമുക്ക് റോഡ്.
3. തൈക്കാട്ടുശ്ശേരി റോഡ്.
4. ചാഴൂർ കോവിലകം റോഡ്.
5. എ. റ്റി. റോഡ്.
6. ആറാട്ടുപുഴ റോഡ്.
7. തേവർ റോഡ്.
8. കോടന്നൂർ നെടുപുഴ പടിഞ്ഞാറേക്കോട്ട റോഡ്.
9. ആനക്കല്ല് അമ്മാടം പെരിങ്ങോട്ടുകര റോഡ്.

(ഡി) ഉണ്ട്.

(ഇ) ആനക്കല്ല് പെരിങ്ങോട്ടുകര റോഡ് 13.80 കി. മീറ്ററിൽ 11.80 കി. മീറ്റർ പണി പൂർത്തീകരിച്ചിട്ടുണ്ട്. തേവർ റോഡിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

66 [2956] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം സ്ഥലം ലഭിക്കാത്തതിനെ തുടർന്ന് സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly